## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in


---

**മേലെഴുത്ത് കത്ത് നമ്പർ: DHS/15579/2026-EB3 തീയതി 05-09-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Sujatha
SENIOR SUPERINTENDENT

Digitally signed by
Sujatha R
Date: 05-09-2026
15:28:20

"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ മിനി സി ആർ , സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1250/2026 മേലുള്ള 20-07-2026 തീയതിയിലെ ഉത്തരവ്- അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2913/2026/H&FWD തീയതി,തിരുവനന്തപുരം, 03-09-2026

---

പരാമർശം:-

1. ഡോ മിനി സി ആർ സമർപ്പിച്ച 30-05-2026 തീയതിയായ അപേക്ഷ (Annexure A6 in OA 1250/2026)
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1250/2026 മേലുള്ള 20-07-2026 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17-08-2026 തീയതിയിലെ DHS/15579/2026-EB3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ഗവൺമെന്റ് വിക്ടോറിയ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ച് തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.മിനി.സി.ആർ. ബഹു: ട്രൈബ്യൂണൽ മുമ്പാകെ OA 1250/2026 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA യിന്മേലുള്ള പരാമർശം (2) ഉത്തരവിൽ ഡോ.മിനി സി.ആർ. ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) പ്രകാരമുള്ള Annexure A6 അപേക്ഷ പരിശോധിച്ച് 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ആയതുവരെ കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സീനിയർ കൺസൾട്ടന്റ് (ഗൈനക്ക്) തസ്തികയിൽ നിയമനം നടത്തരുതെന്നും ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2. കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിലവിൽ ഒഴിവുണ്ടെന്നും ടി ഒഴിവിലേയ്ക്ക് സ്ഥലംമാറ്റത്തിനായി മറ്റു മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷകൾ ലഭ്യമായിട്ടില്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ഗവൺമെന്റ് വിക്ടോറിയ

ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിലവിൽ ഒഴിവുള്ളതിനാലും ടി ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനായി മറ്റു മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലും തൊടുപുഴ ജില്ലാ ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന ഡോ മിനി സി ആർ (PEN 610752) -ന് കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1250/2026 മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിനുരാജ് എസ്
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ , തിരുവനന്തപുരം
ഡോ മിനി സി ആർ , സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി - 685585
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം/ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ (File No. A2/436/2026-HEALTH)

ഉത്തരവിൻ പ്രകാരം
Digitally signed by
ANUPAMA G NAIR
Date: 03-09-2026
17:03:39

സെക്ഷൻ ഓഫീസർ